# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1873 — 08.12.2014-ൽ മറുപടിയ്ക്ക്

## അന്തർ സംസ്ഥാന കരാറുകൾ

| | ചോദ്യം<br>ശ്രീമതി കെ.കെ. ലതിക | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഏതൊക്കെ സംസ്ഥാനങ്ങളുമായി എന്തൊക്കെ വിഷയങ്ങളിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) യും (ബി) യും | നദീജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേരളം തമിഴ്നാടുമായി മൂന്ന് കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്.<br><br>1. 29.05.1970-ൽ കേരളവും തമിഴ്നാടും 09.11.1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഒപ്പുവച്ച പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി) കരാർ. പറമ്പിക്കുളം ആളിയാർ പദ്ധതിക്കരാറിന് കാലാവധി നിശ്ചയിച്ചിട്ടില്ല. എന്നാൽ 30 വർഷത്തിലൊരിക്കൽ കരാർ പുനരവലോകനം ചെയ്യാൻ വ്യവസ്ഥയുണ്ട്.<br><br>2. 19.08.1973-ൽ ഒപ്പുവച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാർ. ശിരുവാണി കുടിവെള്ള പദ്ധതി കരാറിന് 99 വർഷത്തെ കാലാവധിയാണുള്ളത്.<br><br>3. 1886 ഒക്ടോബർ 29-ന് തിരുവിതാംകൂർ മഹാരാജാവും, സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യയും ഒപ്പുവച്ച പെരിയാർ പാട്ടകരാർ. 1970-ലെ അനുബന്ധ കരാറുകൾ എന്നിവയാണ് പെരിയാറിനെ സംബന്ധിച്ച കരാറുകൾ. പെരിയാർ പാട്ടകരാറിന് 999 വർഷത്തെ കാലാവധിയുണ്ട്.<br><br>കേരളത്തിന് പി.എ.പി. കരാർ പ്രകാരം ലഭിക്കേണ്ട ജലം, സംയുക്ത ജലക്രമീകരണ ബോർഡിന്റെ (ജെഡബ്ല്യു.ആർ.ബി) യോഗങ്ങളിൽ ശക്തമായി വാദിച്ചും സർക്കാർ തലത്തിലുള്ള സമയോചിതമായ ഇടപെടലുകളിലൂടെയും നേടിയെടുക്കാറുണ്ട്.<br><br>പറമ്പിക്കുളം ആളിയാർ കരാറിന്റെ ഖണ്ഡിക 5(സി) അനുസരിച്ച് കരാറിലെ |
| (ബി) | ഓരോ കരാറുകളുടെയും കാലാവധി എത്രയാണെന്നും, കരാറുകളുടെ സമയ പരിധിക്കുള്ളിൽ കരാറുകൾ പുതുക്കുന്നതിനും സ്വത്തുക്കൾ തിരികെ ഉടമസ്ഥതയിൽ കൊണ്ടു വരുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | | |

| | | | |
|---|---|---|---|
| | | | വ്യവസ്ഥകൾ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം യഥാസമയം സ്വീകരിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും, മന്ത്രിതലത്തിലും, മുഖ്യമന്ത്രി തലത്തിലും നിരവധി ചർച്ചകൾ ഇരു സംസ്ഥാനങ്ങൾ തമ്മിൽ നടന്നെങ്കിലും, അധികജല ലഭ്യത പങ്കുവയ്ക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കേരളവും തമിഴ്നാടും പരസ്പര ധാരണയിൽ എത്തിച്ചേരാത്തതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല.<br><br>ശിരുവാണി കുടിവെള്ള പദ്ധതി കരാറിലെ വ്യവസ്ഥകൾ അനുസരി ച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്ന തിന്റെ മേൽനോട്ടം വഹിക്കുന്നത് ഇതിനായി നിയോഗിച്ചിട്ടുള്ള ജോയിന്റ് കൺട്രോൾ ബോർഡ് ആണ്. പ്രസ്തുത ബോർഡിന്റെ യോഗങ്ങളിൽ കേരളത്തിന്റെ പ്രതിനിധികൾ സജീവമായി പങ്കെടുത്ത് സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ട ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>മറ്റു കരാറുകളെ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കരാറുകൾ സംബന്ധിച്ച് അവലോകന യോഗം ചേർന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (സി) | 28.04.2013-ന് തിരുവനന്തപുരത്ത് വച്ച് കേരളത്തിന്റെ ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെയും, തമിഴ്നാടിന്റെ ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെയും നേതൃത്വത്തിൽ ബന്ധപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥന്മാർ ഉൾപ്പെടെയുള്ളവർ പങ്കെടുത്ത ചർച്ച നടക്കുകയുണ്ടായി. ഈ യോഗത്തിൽ പ്രധാനമായും പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ, ശിരുവാണി കുടിവെള്ള പദ്ധതി കരാർ, നെയ്യാറിലെ ജലവുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവയാണ് ചർച്ച ചെയ്യപ്പെട്ടത്.<br><br>മറ്റു കരാറുകളെ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത കരാറുകൾ സംബന്ധിച്ച പ്രമാണങ്ങളുടെ കസ്റ്റോഡിയൻ ആരാണെന്ന് വ്യക്തമാക്കുമോ ? | (ഡി) | പ്രസ്തുത കരാറുകളുടെ കസ്റ്റോഡിയൻ ജലവിഭവ വകുപ്പിലെ ഐ.എസ്.ഡബ്ല്യു.സി വിഭാഗമാണ്.<br><br>മറ്റു കരാറുകളെ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ